## 11

**ചോ:**

# "ഓരോ പ്രാദേശിക ഇടവകക്കും എന്തു അധികാരമാണ് ദൈവം നൽകിയത്?"

## ഉത്തരം:

രണ്ടു ക്രിസ്ത്യാനികൾ ഒരുമിച്ചു കർത്തൃമേശ ആചരിക്കുമ്പോൾ അവർ പുതിയനിമയസഭ ആകുന്നു. ചിലപ്പോൾ ഭാര്യയും ഭർത്താവും മാത്രം ആയിരിക്കാം (അകില്ലാസും പ്രിസ്കില്ലയും ചെയ്തതുപോലെ) "അവരുടെ വീട്ടിലെ സഭയിൽ" കൂടി വന്നിരുന്നു (റോമർ 16:5; 1 കൊരിന്ത്യർ 16:19; കൊലൊസ്യർ 4:15; നോക്കുക ഫിലമോൻ 2). "രണ്ടോമൂന്നോ പേർ" കർത്താവിന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും, അവൻ "അവരുടെ നടുവിൽ ഉണ്ട്" എന്ന ദൈവീക ഉറപ്പിൽ അവർ സന്തോഷിക്കുന്നു (മത്തായി 18:20).

കർത്താവിന്റെ സഭയുടെ ഒരു ഇടവക, കെന്റക്കിയിലെ നിക്കോളാസ് വില്ലെയിൽ ഒരു ക്രിസ്തീയ സഹോദരി, അവരുടെ ഭർത്താവ് ക്രിസ്ത്യാനി ആകാതിരുന്നതുകൊണ്ട്, മറ്റൊരു ക്രിസ്തീയ സഹോദരിയെ ആ ടൗണിൽ കണ്ടെത്തി കർത്തൃദിവസം അവരെ ആരാധനക്കുക്ഷണിച്ചു. അവർ രണ്ടു പേരും പാട്ടുപാടുകയും, പ്രാർത്ഥിക്കുകയും, തിരുവെഴുത്തുവായിക്കുകയും, കർത്തൃമേശ ആചരിക്കുകയും, അവരുടെ രണ്ടുപേരുടെയും ആഴ്ച്ച തോറും ശേഖരിക്കുന്ന ധർമ്മവും തുടർന്നുവന്നു. ആ രണ്ടുസ്ത്രീകളുടെ ഭക്തിയാണ് ഇന്ന് നിക്കോളാസ് വില്ലെയിലെ വലിയ, ശുശ്രൂഷാ-താല്പര്യമുള്ള ഒരു വലിയ ഇടവകക്കു ആരംഭം കുറിക്കുവാൻ കാരണമായത്.

ഒരു പുതിയ നിയമസഭക്കും അതിന്റെ ഉപദേശങ്ങളെ കുറിച്ചു "ആധികാരികമായി പറയുന്ന" ഒന്നുമില്ല, കാരണം അതു "അപ്പൊസ്തൊലന്മാരുടെ ഉപദേശത്തിൽ" നിയന്ത്രിക്കപ്പെട്ടിരിക്കുന്നു (പ്രവൃത്തികൾ 2:42). അപ്പൊസ്തലന്മാരുടെ ഉപദേശം "സ്വർഗ്ഗത്തിൽ" നിന്ന് ആരംഭിക്കയും, ആ പന്ത്രണ്ടുപേർ വെറുതെ അതു കേട്ടു പറയുന്നവർ മാത്രമായി തീരുകയും ചെയ്തു. യേശു അവരോടു പറഞ്ഞു: "വാസ്തവമായും ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും [ഗ്രീക്ക്.: *എസ്റ്റായി ടെഡെമെനാ*] സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതൊക്കെയും [ഗ്രീക്ക്.: *എസ്റ്റായി ലെലുമെനാ*] സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" (മത്തായി 18:18).

അവരുടെ തുടർച്ചയായ-പ്രഭാഷണത്തിന്റെ പ്രാധാന്യത്താൽ അവരെ "ക്രിസ്തുവിനുവേണ്ടിയുള്ള സ്ഥാനാപതികൾ" എന്നു വിളിച്ചിരുന്നു (2 കൊരിന്ത്യർ 5:20). അവർ "പന്ത്രണ്ടു സിംഹാസനങ്ങളിൽ" ഇരിക്കുന്നവരായും അവരെ കുറിച്ചു പറഞ്ഞിരിക്കുന്നു (മത്തായി 19:28).

ഏ.ഡി. 30-ൽ പെന്തെക്കൊസ്തു നാളിൽ യെരുശലേമിലാണ് പന്തിരുവരുടെ അധികാരം തുടങ്ങിയത്. അത് പന്തിരുവരുടെ മരണത്തോളം മാത്രമായിരുന്നില്ല, മറിച്ച് "ലോകാവസാനത്തോളം" ആയിരുന്നു (മത്തായി 28:20).

ഏതൊരുപദേശത്തെ സംബന്ധിച്ചും, ഓരോ ക്രിസ്ത്യാനിക്കും "സത്യത്തിന്റെ ആത്മാവും അസത്യത്തിന്റെ ആത്മാവും" തമ്മിൽ വേർതിരിച്ചറിയേണ്ടത് എങ്ങനെയെന്ന് അറിയാം: അയാൾ ചോദിക്കേണ്ടത് ഇതാണ്, "ഇത് അപ്പൊസ്തലന്മാരിൽ നിന്നുള്ളതാണോ?" "ദൈവത്തെ അറിയുന്നവൻ ഞങ്ങളെ കേൾക്കുന്നു" എന്നും, "ദൈവത്തിൽ നിന്നും അല്ലാത്തവൻ ഞങ്ങളെ കേൾക്കുന്നില്ല" എന്നും, ഒരു അപ്പൊസ്തലൻ എഴുതി (1 യോഹന്നാൻ 4:6).

പൗലൊസ് പറഞ്ഞു, "ഈ പ്രമാണം അനുസരിച്ചു നടക്കുന്ന ഏവർക്കും (ഗ്രീക്ക്.: *കാനോൻ*, ദ "കാനോൻ" ഓഫ് അപ്പൊസ്റ്റോളിസിറ്റി), ദൈവത്തിന്റെ യിസ്രായേലിനും, സമാധാനവും കരുണയും ഉണ്ടാകട്ടെ" (ഗലാത്യർ 6:16). മൂപ്പന്മാരുള്ളവരും, ഇല്ലാത്തവരുമായ ഇടവക ഉണർന്നിരിക്കണം, കാരണം അപ്പോസ്തോലിക-മല്ലാത്ത ഉപദേശം സഭയിലേക്ക് വരരുത്. പത്രൊസ് മുന്നറിയിച്ചു, "നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും" (2 പത്രൊസ് 2:1). അക്കാരണത്താലാണ് പൗലൊസ് എഴുതിയത്, "സഹോദരന്മാരെ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു, ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അവരോടു അകന്നു മാറുവിൻ" (റോമർ 16:17).

സ്വയം-ഭരിക്കുന്നതിനും, സ്വയഭരണാവകാശത്തിനും, അതിന്റേതായ കാര്യങ്ങൾ നോക്കുവാൻ ഓരോ ഇടവകക്കും അപ്പോസ്തോലിക അധികാരം ഉണ്ട്. യെരുശലേം സഭയ്ക്കു മൂപ്പന്മാർ ഉണ്ടാകുന്നതിനു മുൻപുതന്നെ അവരുടെ സ്വയ-ഭരണ തത്വം അപ്പോസ്തൊലന്മാർ തിരിച്ചറിഞ്ഞിരുന്നു. ഒരു അടിയന്തിരഘട്ടം വന്നു, ധർമ്മ പ്രവൃത്തിക്കുള്ള ഒരു കമ്മിറ്റിയെ വിളിച്ചു. പന്ത്രണ്ടു സുവിശേഷകന്മാർ സന്നിഹിതരായിരുന്നുവെങ്കിലും (പന്ത്രണ്ടു അപ്പൊസ്തലന്മാർ), സഭയുടെ നടത്തിപ്പുകാരാണെന്നു ആ സുവിശേഷകന്മാർ സ്വയം ചിന്തിച്ചില്ല. അവർ സഭയുടെ പ്രാദേശികമായ സ്വയം ഭരണത്തെ ആദരിച്ചു.

"ശിഷ്യന്മാരുടെ ഇടവക" യോടുള്ള അവരുടെ ദൈവശ്വാസീയ കൽപ്പന (ഗ്രീക്ക്.: *എപ്പിസ്കെപ്റ്റോമൈ*, അർത്ഥം "പെറുക്കിയെടുക്കുക") ആ കമ്മിറ്റിക്കുവേണ്ട പുരുഷന്മാരെ അവർക്കായി "തിരഞ്ഞെടുക്കുക" എന്നതായിരുന്നു. പിന്നെ ആ പന്ത്രണ്ടു സുവിശേഷകന്മാർ (ഗ്രീക്ക്.: *കത്തിസ്റ്റേമീ,* അർത്ഥം "നയിക്കുവാൻ ആക്കുക") "ആ പ്രവൃത്തിക്ക്" തിരഞ്ഞെടുത്തവരെ നിയമിക്കുന്നു (പ്രവൃത്തികൾ 6:2, 3).

"സാധാരണ അംഗങ്ങൾ" (എന്നു തെറ്റായി ഇന്നു വിളിക്കുന്നവർ) ആണ് തിരഞ്ഞെടുപ്പ് നടത്തിയത്. അവർ എങ്ങനെ തിരഞ്ഞെടുത്തു എന്നു രേഖപ്പെടുത്തിയിട്ടില്ല. വോട്ടു ചെയ്തായാലും അല്ലെങ്കിൽ വേറെ വിധത്തിലായാലും, അവർ പുതിയനിയമ സഭയുടെ തത്വമായ സ്വയം-ഭരണമാണ് പരിശീലിച്ചത്.

ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ ഇടവകകളിലെ, രണ്ടു സുവിശേഷകന്മാരായ - പൗലൊസും ബർന്നബാസും - "നിയമിച്ചതു" (കെജെവി), അല്ലെങ്കിൽ "നിയോഗിച്ചതു" (എഎസ്‌വി), "അവർ സഭ തോറും മൂപ്പന്മാരെയാണ്" (പ്രവൃത്തികൾ 14:23). മൂപ്പന്മാരെ തിരഞ്ഞെടുത്തത് പൗലൊസും ബർന്ന

ബാസും ആയിരുന്നില്ല, എന്നാൽ അവരാൽ നിയമിക്കപ്പെട്ടു എന്നു മാത്രം. *ചെയ്രോറ്റോനെയോ* എന്ന ലൂക്കൊസിന്റെ വാക്കിൽനിന്നു, ആ വസ്തുത വ്യക്തമാണ് (*ചെയർ*, "ഹാന്റ്," കൂടാതെ *റ്റെയിനോ,* "സ്ട്രെച്ച്"), ആരുടെയെങ്കിലും പേരിന്റെ അംഗീകാരസൂചകമായി കൈപൊക്കുന്നതിനെയാണ് ആ വാക്കു സൂചിപ്പിക്കുന്നത്. പിന്നെ, തിരഞ്ഞെടുപ്പ്, സഭയുടെ "വോട്ടു ചെയ്യൽ" മുഖേന ആയിരുന്നു.

ലൂക്കൊസിന്റെ ദൈവശ്വാസീയ സന്ദേശം വ്യക്തമാക്കുന്നത് പൗലൊസും ബർന്നബാസും പ്രാദേശിക സ്വയം-ഭരണം മാനിക്കുകയും അംഗങ്ങളെ തിരഞ്ഞെടുക്കുവാൻ അനുവദിക്കുകയും ചെയ്തിരുന്നു എന്നതാണ്. അതിനു ശേഷം, ആ സന്ദർശകരായ സുവിശേഷകന്മാർ തിരഞ്ഞെടുത്തവരെ മൂപ്പന്മാരാക്കി നിയമിച്ചു.

അതുപോലെ, ക്രേത്ത ദ്വീപിലെ സഭകൾ സന്ദർശിച്ച ഒരു സുവിശേഷകനായ, തീത്തോസിന്, പൗലൊസിൽ നിന്നു നേതൃത്വത്തിനു ഉള്ള പുരുഷന്മാരെ "തിരഞ്ഞെടുക്കുന്നതിനു" കല്പന ലഭിച്ചില്ല (ഗ്രീക്ക്.: *എപ്പിസ്കെപ്റ്റോമൈ*). മറിച്ചു, അവൻ അവരെ "നിയോഗിക്കേണ്ടിയിരുന്നു" അല്ലെങ്കിൽ "നിയമിക്കേണ്ടിയിരുന്നു" (ഗ്രീക്ക്.: *കത്തീസ്റ്റേമീ*) (തീത്തൊസ് 1:5).

ധർമ്മോപകാരം നടത്തുവാൻ യെരുശലേമിലെ സഭാ കമ്മിറ്റി തിരഞ്ഞെടുത്തപ്പോൾ ഉപയോഗിച്ച അതേ ഗ്രീക്കുവാക്കു തന്നെയാണ് പൗലൊസും ഉപയോഗിച്ചത് (പ്രവൃത്തികൾ 6:2, 3). ആ മാതൃക പിൻപറ്റുകയാണെങ്കിൽ, പ്രാദേശിക സഭകളിലെ അംഗങ്ങൾ ആണ് മൂപ്പന്മാർ - ആകുവാൻ തിരഞ്ഞെടുക്കേണ്ടത്, പിന്നെ തീത്തൊസ് അവരെ തങ്ങളുടെ വേലയ്ക്കാക്കി. പ്രാദേശികമായ സഭയിലെ അംഗങ്ങൾക്ക് സന്ദർശകനായ തീത്തോസിനുള്ള അറിവിനേക്കാൾ അന്യോന്യം അറിയാവുന്നതുകൊണ്ടു അവർ തിരഞ്ഞെടുക്കുന്നതാണ് നല്ലത് എന്ന് വ്യക്തം.

മൂപ്പന്മാർ ഇല്ലാത്ത ഒരു ഇടവകയെ ഒരു കൂട്ടം "സുവിശേഷമേൽനോട്ടത്തിൻ" കീഴിൽ ആക്കണം എന്ന ഉപദേശത്തിലുള്ള തെറ്റിനെയാണ് മുകളിൽ പറഞ്ഞ മാതൃക കാണിക്കുന്നത്. ബൈബിൾപരമായി, സുവിശേഷകന്മാർക്ക് ഒരധികാരവും ഇല്ല. അവർക്കു ആകെ ചെയ്യാവുന്നത് അപ്പൊസ്തലന്മാരുടെ ഉപദേശം വീണ്ടും പ്രസംഗിക്കുക എന്നുള്ളതാണ്.

കാരണം തീത്തോസ് ക്രേത്താ ദ്വീപിൽ പ്രസംഗിച്ചതു "പൂർണ്ണാധികാരത്തോടെ" ആയിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (തീത്തോസ് 2:15), ചിലർ കരുതുന്നത് ആ ദ്വീപിലെ എല്ലാ സഭകൾക്കും ഉത്തരവാദിത്വം തീത്തോസിനെ ഏൽപ്പിച്ചിരുന്നു എന്നാണ്. ഒരു സുവിശേഷകന് "എല്ലാ അധികാരവും" ഉണ്ടാകുവാനുള്ള ഏക വഴി, അതായത്, തെറ്റുകൂടാതെ പ്രസംഗിക്കുവാനുള്ള കഴിവു ലഭിക്കുവാനുള്ള ഏക മാർഗ്ഗം അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിക്കുക എന്നതാണ് (പ്രവൃത്തികൾ 8:18 നോക്കുക).

തിമൊഥെയൊസ് എന്ന സുവിശേഷകന്റെ മേൽ പൗലൊസ് കൈ വെച്ചതുകൊണ്ട് (2 തിമൊഥെയൊസ് 1:6), പൗലൊസ് തീത്തോസിനെ കൈവെപ്പു കൂടാതെ ക്രേത്തയിലെ സഭകളുടെ മേൽ ആക്കിവെയ്ക്കുമെന്നു ചിന്തിക്കുവാൻ പ്രയാസമാണ്. പൗലൊസിനാൽ അത്ഭുതകരമായ കൈ-വെപ്പ്-കൂടാതെ "എല്ലാ അധികാരവും" തീത്തോസിനു ലഭിക്കുക സാധ്യമായിരുന്നില്ല.

മൂപ്പന്മാരെ നിയമിച്ചശേഷം, ആരംഭത്തിലുണ്ടായിരുന്ന അധികാരം പ്രാദേശികമായ സഭയിൽ തന്നെ തുടർന്നിരുന്നു. അതുപോലെ, മൂപ്പന്മാരെ തിര

ഞ്ഞെടുക്കുവാനും അവിശ്വസ്തരായ മൂപ്പന്മാരെ നീക്കം ചെയ്യുവാനുമുള്ള അധികാരവും സഭയ്ക്കുതന്നെ ആയിരുന്നു.

പൗലൊസ് എഫെസ്യ മൂപ്പന്മാരെ മുന്നറിയിച്ചത്, "... ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ ഒലിച്ചുകളയുവാനായി, വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ, നിങ്ങളുടെ ഇടയിൽ നിന്ന് എഴുന്നേൽക്കും" (പ്രവൃത്തികൾ 20:29, 30). "രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴി" യാൽ "ഒരു മൂപ്പനെതിരായി ആരോപണം വന്നാൽ," ആ മൂപ്പനെ "പരസ്യമായി ശാസിക്കേണ്ടിയിരുന്നു" (1 തിമൊഥെയൊസ് 5:19, 20; എൻഐവി).

അവിശ്വസ്തനായ ഒരു മൂപ്പനെ തള്ളിക്കളയാവുന്നതല്ല എന്നു പറയുന്നതു അർത്ഥശൂന്യമാണ്. തീർച്ചയായും, ഒരു പുരുഷനെ നേതൃസ്ഥാനത്തേക്കു ആക്കുവാൻ സഭയ്ക്കു അധികാരം ഉള്ളതുപോലെ അയാളെ പുറത്താക്കുവാനും അധികാരം ഉണ്ട്.

ഓരോ പ്രാദേശിക സഭയിലും ഉള്ള സ്വയം-ഭരണ വ്യവസ്ഥ, മൂപ്പന്മാരെ നിയമിച്ചാലും ഇല്ലെങ്കിലും, അവരുടെ കൂട്ടായ്മയിൽ നിന്നു "ദുഷ്ടനെ നീക്കം ചെയ്യുന്നതിനു" അംഗങ്ങളെ "കൂടിവരുന്നതിനു" അനുവദിക്കുന്നു (1 കൊരിന്ത്യർ 5:4, 13). "ക്രമം കെട്ടുജീവിക്കുന്ന ഏതൊരു സഹോദരനിൽനിന്നും അകന്നിരിക്കുവാൻ" ക്രിസ്ത്യാനികളോടു പറഞ്ഞിരിക്കുന്നു (2 തെസലൊനിക്യർ 3:6).

അതുപോലെ, ഒരു ഇടവകയുടെ ദൈന-ന്തിന-കാര്യങ്ങളെ സംബന്ധിച്ച്, അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിനനുസരിച്ചു, തീരുമാനങ്ങൾ സഭയാൽ എടുത്തിരുന്നു. അപ്പൊസ്തലന്മാരുടെ ഉപദേശം ഒരു കൂടിവരവിനെ സൂചിപ്പിക്കുന്നു (എബ്രായർ 10:25), എന്നാൽ ആ കൂടിവരവ് ആരുടെയെങ്കിലും മുറിയിലോ, വാടകക്കെടുത്ത ആഡിറ്റോറിയത്തിലോ, അല്ലെങ്കിൽ ഒരു സഭാമന്ദിരത്തിലോ ആയിരിക്കണമെന്നു പ്രത്യേകമായി പറയുന്നില്ല. പ്രാദേശികരായ അംഗങ്ങളാണ് സ്ഥലം തീരുമാനിക്കുന്നത്.

അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ "ദൈവ" ത്തോടും "അന്യോന്യ" വും "ആത്മീകഗീതങ്ങൾ" പാടുവാൻ പറഞ്ഞിരിക്കുന്നു (കൊലൊസ്യർ 3:16). ഏതു പാട്ടുബുക്കുപയോഗിക്കണം എന്നും ആരാണു പാട്ടു നയിക്കേണ്ടത് എന്നും പ്രാദേശിക തീരുമാനങ്ങളിൽ പെടുന്നു.

അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ പ്രത്യേകമായി സൂചിപ്പിക്കുന്നത് തിരുവെഴുത്ത് വായനയും (കൊലൊസ്യർ 4:16; 1 തെസലൊനിക്യർ 5:27) അന്യോന്യമുള്ള ആത്മീകവർദ്ധനയുമാണ് (1 തെസലൊനിക്യർ 5:11). അതുകൊണ്ടു ക്രിസ്ത്യാനികൾ കൂടിവരുമ്പോൾ ഈ പ്രവൃത്തികൾ ആവശ്യമായിരിക്കുന്നു, എന്നാൽ ആ പ്രവൃത്തികൾ സഭായോഗത്തിൽ എത്രസമയം വേണം എന്നത് പ്രാദേശിക സഭയാണ് തീരുമാനിക്കേണ്ടത്.

കൂടാതെ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ ഓരോ ക്രിസ്ത്യാനിയും നടത്തേണ്ട ധർമ്മശേഖരത്തെ കുറിച്ചു "പ്രാപ്തിപോലെ" "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ" എന്നു പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 16:1, 2). അതിനു പുറമെ, പ്രത്യേകമായ ശേഖരത്തെയും അംഗീകരിക്കുന്നതായി നാം കാണുന്നു (പ്രവൃത്തികൾ 11:27-30). ആ ശേഖരങ്ങൾ, അപ്പൊസ്തലന്മാരുടെ കാലത്ത്, വിനോദത്തിനുവേണ്ടിയായിരുന്നില്ല, എന്നാൽ രണ്ട് അറിയപ്പെടുന്ന ഉദ്ദേശങ്ങൾക്കുവേണ്ടിയായിരുന്നു: ആശ്വാസപ്രദമായ ധർമ്മോപകാരത്തിനും (പ്രവൃത്തികൾ 24:17; റോമർ 15:25; 2 കൊരിന്ത്യർ 8:1-5; ഗലാത്യർ

2:10) സുവിശേഷ പ്രസംഗത്തിനും (1 കൊരിന്ത്യർ 9:14; ഫിലിപ്പിയർ 4:14–16).

കർത്തൃമേശ ആചരിക്കുന്നതും അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ പെടുന്നു, എന്നാൽ അതിന്റെ അടിക്കടിയുള്ള സ്വഭാവത്തെ പറയുന്നില്ല. എങ്ങനെയായാലും, ഒരു ഇടവകക്കു “അപ്പം നുറുക്കുവാൻ” “ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ” (പ്രവൃത്തികൾ 20:7) കൂടിവരുന്നതിനു ഒരു അംഗീകാരമുള്ള മാതൃക ഉള്ളതുകൊണ്ടു (അപ്പൊസ്തലന്റെ സാന്നിധ്യത്തോടെ), ബുദ്ധിയുള്ള ക്രിസ്ത്യാനികൾ ഇന്ന് അതുപോലെ ചെയ്യുന്നു.

തിങ്കൾ മുതൽ ശനി വരെ, ക്രിസ്ത്യാനികൾ അവർ “നാൾ സമീപിക്കുന്നു [കർത്തൃദിവസം] എന്നുകാണുന്തോറും” “അന്യോന്യവും; അധികമധികമായി പ്രബോധിപ്പിക്കുന്നു” (എബ്രായർ 10:25). ആരാധനയിൽ തങ്ങൾക്കു സൃഷ്ടികർത്താവിനെയും രക്ഷകനെയും പരിശുദ്ധാത്മാവിനെയും എങ്ങനെ ആദരിക്കേണ്ടു എന്നു കരുതി സന്തോഷത്തോടെ കൂടിച്ചേരുവാൻ ക്രിസ്ത്യാനികൾ കാത്തിരിക്കുന്നു (യോഹന്നാൻ 4:24; 1 തെസലൊനിക്യർ 5:11). ഒരു ക്രിസ്ത്യാനി സങ്കീർത്തനം 122:1 എടുത്തുപറയും, “‘നമുക്കു ആരാധനക്കുപോകാം’ എന്നു അവർ എന്നോടു പറഞ്ഞപ്പോൾ, ഞാൻ സന്തോഷിച്ചു!” തനിക്കു സ്വർഗ്ഗം ചെയ്തതിൽ അവനു ആഴമേറിയ കൃതാർത്ഥത ഉണ്ടാവുകയും, അതു പ്രകടിപ്പിക്കാനുള്ളതാണെന്നു അവനു തോന്നുകയും ചെയ്തു:

> മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ, ദൈവമേ
> എന്റെ ആത്മാവു, നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവു
> ദൈവത്തിന്നായി ജീവനുള്ള ദൈവത്തിന്നായി തന്നേ, ദാഹിക്കുന്നു;
> ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാൻ ഇടയാകും?
> നിന്റെ ദൈവം എവിടെ? എന്ന്, അവർ എന്നോടു നിത്യം പറയുന്നതു
> കൊണ്ടു
> എന്റെ കണ്ണുനീർ രാവും പകലും എന്റെ ആഹാരമായി തീർന്നിരിക്കുന്നു,
> ഉത്സവം ആചരിക്കുന്ന പുരുഷാരത്തിന്റെ,
> സന്തോഷവും സ്ത്രോത്രവുമായ സ്വരത്തോടുകൂടെ,
> സമൂഹമദ്ധ്യേ ഞാൻ ദൈവാലയത്തിലേക്കു ചെന്നതു ഓർത്തു
> എന്റെ ഉള്ളം എന്നിൽ പകരുന്നു. (സങ്കീർത്തനം 42:1–4).

## സ്നാനം: ഒരു വിഭജന രേഖ

| സ്നാനത്തിനു മുൻപു | | സ്നാനത്തിനുശേഷം |
|---|---|---|
| പാപങ്ങളുടെ കുറ്റം | മത്താ. 28:18-20; മർ. 16:15-18; ലൂക്കൊ. 24:46-49 | പാപങ്ങളുടെ മോചനം |
| രക്ഷിക്കപ്പെടാത്തവർ | മർ. 16:16; 1 പത്രൊ. 3:21 | രക്ഷിക്കപ്പെട്ടവർ |
| പാപങ്ങൾ കഴുകപ്പെടുന്നില്ല | പ്രവൃ 22:16 | പാപങ്ങൾ കഴുകപ്പെടുന്നു |
| പരിശുദ്ധാത്മാവ് എന്ന ദാനം ഇല്ല | യോഹ. 14:17; പ്രവൃ 2:38; 5:32; ഗലാ. 4:6; എഫെ. 1:13, 14; | പരിശുദ്ധാത്മദാനം, നമ്മുടെ അവകാശ ത്തിന്റെ അച്ചാരം |
| പിശാചിന്റെ മക്കൾ | യോഹ. 8:44; 2 കൊരി. 6:16 | ദൈവമക്കൾ |
| ക്രിസ്തുവിൽ അല്ല | റോ. 6:3; ഗലാ. 3:27 | ക്രിസ്തുവിൽ |
| ദൈവരാജ്യത്തിൽ അല്ല | യോഹ. 3:5; കൊലൊ 1:13 | ദൈവരാജ്യത്തിൽ |
| "ഏകശരീരം" ആകുന്ന, സഭയിൽ അല്ല | 1 കൊരി. 12:13; എഫെ. 1:22, 23 | "ഏകശരീരം," ആകുന്ന സഭയിൽ |
| എല്ലാ ആത്മീക അനുഗ്രഹങ്ങളും ഇല്ലാത്തവർ | എഫെ. 1:3 | എല്ലാ ആത്മീയ അനുഗ്രഹങ്ങളും ഉള്ളവർ |
| സമൃദ്ധിയായ ജീവൻ ഇല്ല | യോഹ. 10:10 | സമൃദ്ധിയായ ജീവനുള്ളവർ |
| സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന അവകാശമില്ല | 1 പത്രൊ. 1:4 | സ്വർഗ്ഗത്തിൽ സൂക്ഷി ച്ചിരിക്കുന്ന അവകാശം ഉള്ളവർ |